3864

06 JUL 2019

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരളീയ പ്രവാസികാര്യ വകുപ്പ്-ലോക കേരള സഭ തീരുമാനങ്ങളുടെ ഭാഗമായി നോർക്ക റൂട് സിൽ ഒരു വനിതാ സെൽ രൂപീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (എ) വകുപ്പ്**

G.O.(Rt)No.311/2019/NORKA തീയതി,തിരുവനന്തപുരം, 05/07/2019

---

പരാമർശം:- നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ1442/എൽ. കെ. എസ്/2019/റൂട്ട്സ് നം. കത്ത്, തീയതി 08.03.2019.

<u>ഉത്തരവ്</u>

ലോകമെങ്ങും വ്യാപിച്ചു കിടക്കുന്ന മലയാളികളുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുക, കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനു വേണ്ടി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള ലോക കേരള സഭയുടെ ആദ്യ സമ്മേളനം 2018 ജനുവരി 12,13 തീയതികളിൽ തിരുവനന്തപുരം നിയമസഭാ മന്ദിരത്തിൽ വച്ചു നടന്നു. ഈ സമ്മേളനത്തിന്റെ ഫലമായി കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്നപോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ലോക കേരള സഭയുടെ 7 വിഷയ മേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ നിന്നും നടപ്പിലാക്കുന്നതിനായി തെരെഞ്ഞെടുത്ത ഒരു ശിപാർശയാണ് നോർക്ക റൂട് സിൽ ഒരു എൻ. ആർ. ഐ. വനിതാ സെൽ രൂപീകരിക്കുക എന്നത്. പ്രവാസി മലയാളി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പാക്കുന്നതിനായി കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ഗാർഹിക പീഢനം അവസാനിപ്പിക്കുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ ഏതു സമയത്തും സ്വീകരിക്കുന്നതിനും കുടുംബാംഗങ്ങളിൽ നിന്നും അകന്ന് ഉപജീവനത്തിനു വേണ്ടി വിദേശത്തു ജോലി ചെയ്യേണ്ടി വരുന്ന പ്രവാസി വനിതകളുടെ പ്രത്യേക മാനസികാവസ്ഥ കണക്കിലെടുത്ത് അവശ്യ ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനായി 24 മണിക്കൂർ ഹെൽപ്പ് ലൈൻ ആരംഭിക്കുന്നതിനുമാണ് വനിതാ സെൽ വിഭാവനം ചെയ്തിട്ടുള്ളത്.

2 ) പരാമർ ശം (1) -ലെ കത്ത് പ്രകാരം എൻ. ആർ. ഐ. വനിതാ സെൽ രൂപീകരിക്കുന്നതിനായി നോർക്ക റൂട് സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദമായ ശിപാർശ സർക്കാരിൽ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഈ ശിപാർശ വിശദമായി പരിശോധിക്കുകയും, നോർക്ക റൂട്ട് സിൽ നിലവിലുള്ള മനുഷ്യ വിഭവ ശേഷി (manpower) പ്രയോജനപ്പെടുത്തിക്കൊണ്ട്, കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ, നോർക്ക റൂട്ട് സ് ആസ്ഥാനമായി എൻ.ആർ.ഐ. വനിതാ സെൽ രൂപീകരിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം രൂപീകരിക്കുന്ന വനിതാ സെൽ താഴെ പറയുന്ന വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതാണ്.

(i)അംഗീകൃത ഏജന്റ് മുഖേന തന്നെയാണ് റിക്രൂട്ട്മെന്റ് നടത്തുന്നത് എന്ന ഉറപ്പാക്കുക. വിദേശ എംപ്ലോയറും ഏജൻസിയുമായുള്ള കരാർ കണ്ട് ബോധ്യപ്പെടുക.

(ii)കുറഞ്ഞത് ആറു മാസത്തേക്കെങ്കിലും സാധുത ഉള്ള ഇന്ത്യൻ പാസ്പോർട്ടും സാധുതയുള്ള വിസയും ഉണ്ടെന്ന് ഉറപ്പ വരുത്തുക.

(iii)വിദേശ രാജ്യങ്ങളിലെ പൊതുവായ നിയമങ്ങളെ കുറിച്ചും തൊഴിൽ നിയമങ്ങളെ കുറിച്ചും അവബോധം നൽകുക.

(iv)ഇൻഷ്വറൻസ് പോളിസി (Pravasi Bharatiya Bima Yojana അല്ലെങ്കിൽ IRDA യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനി) എടുക്കുന്നതിനുള്ള സഹായം.

(v)എമിഗ്രേഷൻ ക്ളിയറൻസ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം നൽകുക.

(vi)ഹോംമെയ്ഡ് വിസയിൽ പോകുന്നവരുടെ എംപ് ളോയ്മെന്റ് കോൺട്രാക്ട്/വിസ ഇന്ത്യൻ മിഷൻ/പോസ്റ്റ് അറ്റസ്റ്റേഷൻ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക.

(vii)വനിതാ കുടിയേറ്റക്കാർ ചൂഷണത്തിനു വിധേയരാകാതിരിക്കുന്നതിനും പരാതികൾ MADAD പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ട വിധവും സംബന്ധിച്ച ബോധവൽക്കരണം.

(viii)ഇന്ത്യൻ മിഷനുകൾ വനിതാ കുടിയേറ്റക്കാർക്ക നൽകിവരുന്ന Special Welfare Measures-നെ കുറിച്ച് ബോധവൽക്കരണം.

(ix)വിദേശത്ത് എത്തിയതിനു ശേഷം Resident Permit/Identity Card ലഭിക്കുന്നു എന്ന് ഉറപ്പാക്കുക, വിദേശത്തു നിന്ന് ഇന്ത്യയിലേക്ക് പണമയക്കുന്നതിന് NRI Account ആരംഭിക്കുക തുടങ്ങിയ കാര്യങ്ങളിൽ മാർഗ്ഗ നിർദ്ദേശം നൽകുക.

(x)എംപ് ളോയ്മെന്റ് കോൺട്രാക്ട് കാലാവധി തീരുന്നതിനു മുൻപേ സ്പോൺസറുടെ കീഴിൽ നിന്നും മാറുക, ഓടിപ്പോവുക തുടങ്ങിയ പ്രവണതകളുടെ ദോഷവശം ബോധ്യപ്പെടുത്തുക.

(xi)വിദേശത്തു പോകുമ്പോൾ പാസ്പോർട്ടിന്റെയും എംപ് ളോയ്മെന്റ് കോൺട്രാക്ട്/വിസയുടെയും പകർപ്പ് ബന്ധുക്കളെ ഏൽപ്പിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക.

ഇതു കൂടാതെ, വനിതാ കുടിയേറ്റക്കാരുടെ പരാതികൾ ഏതു സമയത്തും സ്വീകരിക്കുന്നതിനും

കുടുംബാംഗങ്ങളിൽ നിന്നും അകന്ന് ഉപജീവനത്തിനു വേണ്ടി വിദേശത്തു ജോലി ചെയ്യേണ്ടി വരുന്ന പ്രവാസി വനിതകളുടെ പ്രത്യേക മാനസികാവസ്ഥ കണക്കിലെടുത്ത് അവശ്യ ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനായി 24 മണിക്കൂർ ഹെൽപ്പ് ലൈൻ ആരംഭിക്കേണ്ടതും നോർക്ക റൂട്ട് സ് വെബ്സൈറ്റിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും വനിതാ സെല്ലിന്റെ സേവനം സംബന്ധിച്ച പബ്ളിസിറ്റി നൽകേണ്ടതുമാണ്.

4) എൻ. ആർ. ഐ വനിതാ സെല്ലിന്റെ ചെലവുകൾ ലോക കേരള സഭയുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JANARDHANAN K
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക- റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) , കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
പ് ളാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ് .